(സി) പരാതി ലഭിച്ചാൽ തക്ക നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഗുണനിലവാരമുള്ള അരി മാത്രമേ വിതരണം ചെയ്യാവൂ എന്ന് കർശനമായും നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) ഇല്ല. എന്നാൽ റേഷൻകടകളിൽ ലഭ്യമായ റേഷൻ സാധനങ്ങളുടെ ഇനവും വിലയും സംബന്ധിച്ച് വിവരം ബന്ധപ്പെട്ട പഞ്ചായത്തുകളെ അറിയിക്കണമെന്ന് നിർദ്ദേശമുണ്ട്.

(എഫ്) വിതരണത്തിന് നല്ലതരം അരി മാത്രം പരിശോധനയ്ക്ക് ശേഷം എടുക്കേണ്ടതാണെന്ന് സിവിൽസപ്ലൈസ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

റേഷൻ വിതരണത്തിന് കേന്ദ്രം അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവ്

110 (767) ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വിതരണത്തിനായി ഈ വർഷം ഓരോ മാസവും കേന്ദ്രം അനുവദിച്ച അരിയും ഗോതമ്പും എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ ഓരോ മാസവും സംസ്ഥാന സർക്കാർ ഏറ്റെടുത്ത അരിയുടെയും ഗോതമ്പിന്റെയും അളവ് എത്ര വീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

മാസം	അരി	ഗോതമ്പ്
ജനുവരി 2000	145320 മെ:ടൺ	37720 മെ:ടൺ
ഫെബ്രുവരി "	145320 "	37720 "
മാർച്ച് "	145320 "	37720 "
ഏപ്രിൽ "	145320 "	37720 "
മേയ് "	145320 "	37720 "

(ബി)

ജനുവരി	97940 മെ:ടൺ	13090 മെ:ടൺ
ഫെബ്രുവരി	59260 "	8230 "
മാർച്ച് "	88795 "	12279 "
ഏപ്രിൽ "	52235 "	4051 "
മേയ് "	40696 "	3940 "

LIBRARY ARCHIVES Kerala Legislative Assembly